# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2892** **17/10/2016-ൽ മറുപടിക്ക്**

## ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. രാജഗോപാലൻ**<br>**,, എ.എം. ആരിഫ്**<br>**,, കെ. ബാബു**<br>**,, കെ.വി.അബ്ദുൾ ഖാദർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണത്തിനും വിതരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | **എ)** സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ വിപണനത്തിനുവേണ്ടിയുള്ള നിർമ്മാണത്തിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഡ്രഗ്സ് ലൈസൻസും ഷെഡ്യൂൾ ടി-യിൽ പ്രതിപാദിച്ചിരിക്കുന്ന സൗകര്യങ്ങളോടുകൂടിയ ജി.എം.പി സർട്ടിഫിക്കറ്റും നിർബന്ധമാണ്. എന്നാൽ അംഗീകൃത ആയുർവ്വേദ ഡോക്ടർമാർക്ക് തന്റെ രോഗികൾക്ക് നൽകുവാൻ വേണ്ടി ഔഷധ നിർമ്മാണം നടത്തുന്നതിന് ഡ്രഗ്സ് ലൈസൻസ് ആവശ്യമില്ല. ഔഷധ നിർമ്മാണ ലൈസൻസ് നൽകുന്നതിന് മുമ്പായി നിർമ്മിക്കാനുദ്ദേശിക്കുന്ന മരുന്നുകളുടെ ആയുഷ് അംഗീകൃത ലാബ് ടെസ്റ്റ് റിപ്പോർട്ടും ഫോർമുലയും ഡ്രഗ്സ് കൺട്രോളർ (ആയുർവേദ)യുടെ കാര്യാലയത്തിൽ സമർപ്പി-ക്കേണ്ടതാണ്. ടി ഫോർമുല, ടെസ്റ്റ് റിപ്പോർട്ട് , നിശ്ചിത ഫീസ്, ഷെഡ്യൂൾ ടി പ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയുന്നതിനുള്ള സ്ഥാപനപരിശോധനയും നടത്തിയ ശേഷമാണ് സംസ്ഥാനത്ത് ഔഷധ നിർമ്മാണത്തിനുള്ള ലൈസൻസ് നൽകുന്നത്. പേറ്റന്റ് ആന്റ് പ്രൊപ്രൈറ്ററി ഔഷധങ്ങൾക്ക് ഫലപ്രാപ്തി തെളിയിച്ച രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. |
| **ബി)** ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | **ബി)** ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ നിന്നും നിർമ്മാതാവിന്റെ പക്കൽ നിന്നും റാൻഡം അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ |

ആയുർവ്വേദ വിഭാഗത്തിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ സംസ്ഥാനത്തുള്ള 7 ആയുഷ് അപ്രൂവ്ഡ് ലബോറട്ടറികളിലും ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തി വരുന്നു. സംസ്ഥാനത്ത് ലൈസൻസ് അനുവദി-ച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ്(ജി.എം.പി) അനുവദിക്കുന്നതിന്റെ ഭാഗമായി ഇൻഹൗസ് ലബോറട്ടറി സംവിധാനം നിർബന്ധമാക്കുകയും അവരവർ ഉൽപ്പാദിപ്പിക്കുന്ന ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന അവരവർതന്നെ നടത്തി പരിശോധനാ ഫലങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് നിഷ്കർഷി-ക്കുകയും ചെയ്തിട്ടുണ്ട്.

**സി)** സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

**സി)** ഉണ്ട്. മുഴുവൻ മരുന്നുകളും പരിശോധിക്കാനുള്ള സൗകര്യം നിലവിലില്ല. എറണാകുളം റീജിയണൽ ലബോറട്ടറിയിൽ 5000 sq.ft. ഉള്ള ഒരു നില ആയുർവേദത്തിനായി നീക്കിവച്ചിട്ടുണ്ട്. ഇവിടെ ഗുണനിലവാര പരിശോധന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂരിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ലബോറട്ടറി-യിലും ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

**ഡി)** ആയുർവ്വേദ മരുന്നുകൾക്ക് 'സ്റ്റാൻഡേർഡൈസേഷൻ' ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

**ഡി)** പരിശോധിക്കുന്നതാണ്.

**ഇ)** സംസ്ഥാനത്ത് ആയുർവ്വേദ മരുന്ന് നിർമ്മാണത്തിനാവശ്യമായ ഔഷധ സസ്യങ്ങൾ ലഭ്യമാക്കുന്നതിന് ഔഷധ സസ്യത്തോട്ടങ്ങൾ വ്യാപക-മാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഇ)** സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഔഷധസസ്യ ബോർഡ് 'ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം', 'കാവുകളിലെ ഔഷധസസ്യ സംരക്ഷണം', 'സ്കൂളിലൊരു ഔഷധത്തോട്ടം', 'ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും' തുടങ്ങിയ ജനപ്രിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തനത് ആവാസവ്യവസ്ഥയിലെയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധസസ്യ സംരക്ഷണം, ജില്ലാതല ഔഷധസസ്യ

➡

ഉദ്യാനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധ സസ്യഉദ്യാനങ്ങൾ, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉല്പാദനം, തരിശുഭൂമികളിലെ ഔഷധ സസ്യകൃഷി, വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധ സസ്യകൃഷി തുടങ്ങി ഔഷധസസ്യമേഖലയെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

ഔഷധ സസ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഔഷധ സസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷകസംഘങ്ങളുടെ സഹായ സഹകരണത്തോടും ദേശീയ ഔഷധ സസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടും കൂടി 'ഗ്രാമീണം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഔഷധ സസ്യങ്ങളുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് 'ഔഷധി'യുടെ കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള നഴ്സറികളിലൂടെ എല്ലാ വർഷവും ഔഷധ തൈകൾ ഉല്പാദിപ്പിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ വ്യാപകമായി പൊതുജനബോധവൽക്കരണ പരിപാടികളും വൃക്ഷത്തൈ വിതരണവും വീട്ടുമുറ്റത്ത് ഒരു ഔഷധത്തോട്ടം, സ്കൂളിൽ ഒരു ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**